# പരുമല മോർ ഗ്രീഗോറിയോസിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## മോർ ബാലായ്

*(രക്ഷകനുരചെയ്താൻ..... എന്ന രീതി)*

പരുമല വാണരുളും – പരിപാവനചരിതാ
പരിചൊടു ഞങ്ങൾക്കായ് – പരനോടർത്ഥിക്ക!
സ്വസ്ഥത ഞങ്ങൾക്കീ – ഭൃഥ്വിയിലുളവാകാൻ
ക്രിസ്തുവിനോടു താതാ – പ്രാർത്ഥിക്കുക നിത്യം

പറുദീസയിൽ മേവും – പരിശുദ്ധാ സിദ്ധാ
പുരു സൗരഭമോലും – പരിമള ഭാജനമേ
മണമുയരും പൂവിൻ – മണിമേച്ചിൽ പുറമേ
മണിനാദം പൊങ്ങും – മണിമയ മന്ദിരമേ

സൂത്ര വിശാരദനാം – സാത്താനേപ്പോരിൽ
സാത്വിക തേജസാ – സത്യം വെന്നോനേ
ആത്മ ബലം മൂലം – വിസ്മയ കർമ്മങ്ങൾ
ചെമ്മേ ചെയ്തോനേ – നിർമ്മല മാനസനേ

അൻപോടർത്ഥനയും – നോമ്പും നിറവേറ്റി
ഇമ്പമൊടീശോയേ – നമ്പിയ നിർമ്മലനേ
തങ്കത്തിലുമർത്ഥം – തങ്കം വിശ്വാസം
പങ്കിലമാകായ്‌വാൻ – അങ്കം പൊരുതോനേ

ആപത്തുകളെങ്ങും – വ്യാപിക്കും കടലിൽ
ദീപ സ്തംഭം പോൽ – ദീപിക്കും താതാ
മക്കൾക്കൊരു താങ്ങേ – ഭക്തജനത്തണലേ
മുക്തി പുരം പൂകാൻ – ശക്തി തരും താതാ

പച്ചപ്പുല്ലരുളി – സ്വച്ഛജലം കാട്ടി
നിച്ചലൂമാടുകളെ – മേച്ചൊരു നല്ലിടയാ
നിൻ മാദ്ധ്യസ്ഥതയിൽ – അഭയം പ്രാപിപ്പോർ–
ക്കൻപാൽ കൃപ നൽകാൻ – പരനോടർത്ഥിക്ക!

## MOR BALAI

Parumala vaanarulum - paripaavanacharitha
Parichodu njangalkkay - paranodarthikka!
Swasthatha njangalkkee - `bruthwiyilulavaakaan
Kristuvinodu thaathaa - praarthikkuka nithyam



Parudeesayil mevum - parishudhdha sidhdha
Puru saurabhamolum - parimala bhaajaname
Manmuyarum poovin - manimechchil purame
Maninaadam pongum - manimaye mandirame

Soothra vishaaradhanaam - saathaanepporil
Saathvika thejasaa - satyam vennone
Aatma balam moolam - vismaya karmmangal
chemme cheythone - nirmala maanasane

Anpodarththanayum - nombum niravetti
Imbamodeeshoye - nambiya nirmmalane
Thangaththilumartham - thangam vishvaasam
pankilamaakaayvaan - ankam poruthone

Aaapathukalengum - vyaapikkum kadalil
deepa sthambampol - deepikkum thaathaa
makkalkoru thaange - bhakthajanaththanale
mukti puram pookan - shakti tharum thaathaa

Pachchapullaruli - swachchajalam kaatti
nichchaloomaadukale - mechoru nallidayaa
nin maadhyasthathayil - Abhayam praapichor-
kkanpol krupa nalkaan - paranodarththikka!

## കോലോ

*(ദൈവം സൃഷ്ടിച്ചാദത്തെ..... എന്ന രീതി)*

നാഥൻ നിന്നെയേല്പിച്ചു
സ്വർലോകത്തിലെ നിക്ഷേപം
ഖേദിച്ചുഴലുന്നോർക്കെല്ലാം
നിന്റെ സഹായമൊഴുകുന്നു
    വിശ്വാസികളുടെ സംഘത്തിൽ
    ദൈവം കൃപ വർഷിച്ചീടാൻ
ഗ്രീഗോറിയോസാം താതാ .....
സതതം പ്രാർത്ഥിക്കടിയാർക്കായ്..... *ബാറെക്മോർ!*

*ശുബഹോ.....*

താതാ വന്നു തുറന്നാലും
നാഥൻ നൽകിയ നിക്ഷേപം
നിന്നെ ശരണം പ്രാപിക്കും
ദീനർക്കേകുക ദാനങ്ങൾ

സൗഖ്യം രോഗിക്കും, ധൈര്യം
ദുഃഖാർത്തനുമേകീടട്ടെ

നിൻ പ്രാർത്ഥനയാലെ.....
ദുഷ്ട പരീക്ഷകൾ നീക്കേണം! *മെൻ ഓലം.....*

നിൻ ഗാത്രം കൈക്കൊും നിൻ
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാ പ്രാപ്തന്മാരോർക്ക-
പ്പെടണം സ്വർഗീയൂർശ്ലേമിൽ

നീ സിംഹാസനമേറീട്ടാ
ദുഷ്ടരെ വേറാക്കും നേരം

സന്തുഷ്ടന്മാരായ്.....
അവർ നിൻ വലമായ് നിൽക്കേണം..... *മൊറിയോ.....*

## **KOLOS** (Hymns)

Naathan ninneyelppichchoo
swarlogaththile nikshepam
Khedhichchuzhalunnorkkellam
ninte sahaayamozhukunnu

vishwaasikalude sanghathil
daivam krupa varshicheedaan

Greegoriosaam....
Thaathaa sathatham praarthikkadiyaarkkayi.... *Barekmor!*

*Shubaho....*

Thaathaa vannu thurannalum
naathan nalkiya nikshepam
ninne sharanam praapikkum
deenarkkekuka daanangal

saukhyam rogikkum, dhairyam
dhukkaarththanumekeedatte

Nin praarththanayaale....
Dhushta pareekshakal neekkenam!

*Men Olam....*

Nin gaathram kaikkondum nin
rakthaththaal punyapettum
nidra praapthanmaarorkka-
ppedanam swargeeyoorshlemil



Nee simhaasanamereetta
Dhushttare veraakkum neram

santhushtanmaaray....
Avar nin valamaay nilkkenam....

*Moriyo....*

## പ്രാരംഭ പ്രാർത്ഥന

**പട്ടക്കാരൻ :** ശുബഹോലാബോ.....

**ജനം :** ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകട്ടെ. ....ആമ്മീൻ.

**പട്ടക്കാരൻ :** തന്റെ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ പ്രസാദിക്കുന്നവനും അവരുടെ അപേക്ഷകൾക്ക് ഉപേക്ഷ കൂടാതെ മറുപടി അരുളിച്ചെയ്യുന്നവനുമായ കർത്താവേ!, ഞങ്ങളുടെ പിതാവും പരിശുദ്ധനുമായ മോർ ഗ്രീഗോറിയോസിന്റെ മദ്ധ്യസ്ഥതയിൽ ആശ്രയം പ്രാപിച്ചുകൊ് ഞങ്ങൾ നിന്നെ സമീപിക്കുന്നു. ആവശ്യക്കാരും അരിഷ്ടരുമായ ഞങ്ങളുടെ അപേക്ഷകളെ നീ കൈക്കൊ് ഞങ്ങളുടെ പിതാവായ മോർ ഗ്രീഗോറിയോസിന്റെ പ്രത്യേക മദ്ധ്യസ്ഥതയിൽ കഴിയുന്ന ഈ ദാസരുടെ യാചനകൾക്ക് ദയവോടെ ഉത്തരമരുളി അനുഗ്രഹിക്കണമേ.

ഹാലേലൂയ്യാ, ഹാലേ..... ഹാലേ.....

അഭയം പ്രാപിക്കുന്നോരെ, സദയം കാക്കും തിരുമേനി,
കർത്താവിൽ കൂറേറുന്നോർക്കാശ്വാസം നൽകുന്നവനേ,

പൈശാ–ചികമാം ശക്തികളും
ദുഷ്ടൻ–മാരുടെ പീഡകളും
കഷ്ടത–യേറും ജീവിതവും
സ്പഷ്ടം നീങ്ങി–പോകാനായ്

കരുണാവാരിധി നാഥന്നോടിപ്പൊഴു മെപ്പോഴും എന്നെന്നും
തിരുമേനി പ്രാർത്ഥിക്കേണമേ.

പലവഴിനോക്കീട്ടൊരു തുണയും കിട്ടാതടിയാർകേഴുന്നു.
തീരാ രോഗം വ്യാധികളും, മാനസക്ലേശം ദുരിതങ്ങൾ

കരുണക്കടലേ പരിശുദ്ധാ,
വലതുകരത്താൽ വാഴ്ത്തണമേ,
മാനസ ശാന്തി ലഭിക്കണമേ
പ്രാർത്ഥിക്കണ മീ–യടിയാർക്കായ്

അത്ഭുത മനവധി ചെയ്തവനേ, പരുമല മാർ ഗ്രീഗോറിയോസ്
തിരുമേനി പ്രാർത്ഥിക്കേണമേ

Abhayam praapikkunnore, sadayam kaakkum thirumeni,
Karthaavil koorerunnorkkaashwaasam nalkunnavane,

paishaa-chikamaam shaktikalum
dushtan-maarude peedakalum
kashtatha-yerum jeevithavum
spashtam neengi-pokaanaay

karunavaaridhi nathannodippozhu meppozhum ennennum thirumeni praarthikkename.

Palavazhinnokkeettoru thunayum kittathadiyaarkezhunnu
theera rogam vyadhikalum, manasaklesham dhurithangal

Karunakkadale parishudhdhaa,
valathukaraththaal vaazthaname,
manasa shanthi labhikkaname
praarthikkana mee-yadiyaarkkay

Albutha manavadhi cheythone, parumala mar greegorios thirumeni praarthikkaname

*(മന്നാ നിക്ഷേപിത ചെപ്പും..... എന്ന രീതി)*

നാഥാ ഗ്രീഗോറിയോസിൻ–
പ്രാർത്ഥനയാൽ കൃപ ചെയ്യേണമേ!
ഞങ്ങൾക്കും മൃതരായോർക്കും–
പുണ്യം ദാനം ചെയ്യണമേ!

ദുഃഖിതർ ഞങ്ങൾ വിളിക്കുന്നു
രോഗികൾ ശരണം തേടുന്നു
നീ പീഢിതരുടെ ആലംബം
അവശർക്കാശ്രയവും നീയേ!

ജീവന മാർഗ്ഗം കാംക്ഷിപ്പോർ–
ക്കാശ്രയ വഴി നീ കാട്ടണമേ!
അനുതാപത്തിൻ കണ്ണീരാൽ
അടിയാർ നിന്നെ വിളി–ക്കു–ന്നു! *മൊറിയോ.....*

Naatha greegoriosin-
praarthanayaal krupa cheyyaname!
njangalkkum mrutharaayorkkum-
punyam daanam cheyyaname!

Dhukkithar njangal vilikkunnu
Rogikal sharanam thedunnu
nee peeditharude aalambam
avasharkkaashrayavum neeye!



Jeevana maargam kaamshippor-
kkaashraya vazhi nee kaattaname!
Anuthaapaththin kanneeraal
adiyaar ninne vili-kku-nnu! *Moriyo....*

## അപേക്ഷ

ദൈവമായ കർത്താവേ, അവിടത്തെ ശ്രേഷ്ഠ മഹാപുരോഹിതനും ഞങ്ങളുടെ പിതാവുമായ പരിശുദ്ധ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ സ്വീകാര്യ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഞങ്ങളോട് കരുണ ചെയ്യേണമേ.

വിശുദ്ധ സഭയുടെ ശ്രേയസ്സ് എല്ലാഭാഗങ്ങളിലും വർദ്ധിക്കുവാനും, സമാധാനവും, സംപ്രീതിയും, ദൈവതിരുനാമ മഹത്വവും അതിൽ എല്ലായ്പ്പോഴും നിലനിൽക്കുവാനും, അതിനെ ക്ഷേമമോടെ മേയിച്ചു ഭരിക്കുന്നവരായ ഞങ്ങളുടെ പിതാക്കന്മാർക്ക് ദൈവനടത്തിപ്പും, സമാധാനപരമായ ദീർഘായുസ്സുായിരിക്കുവാനും പ. മോർ ഗ്രീഗോറിയോസ് തിരുമേനി..... (ഞങ്ങൾക്കുവേി അപേക്ഷിക്കേണമേ).

പാപികൾക്ക് മാനസാന്തരവും, കോപിച്ചിരിക്കുന്നവർക്ക് ശാന്തതയും, ഭിന്നതയിൽ കഴിയുന്നവർക്ക് ഐക്യമത്യവും, പിണങ്ങിയിരിക്കുന്നവർ തമ്മിൽ യോജിപ്പും, കുടുംബാംഗങ്ങളിൽ പരസ്പരസ്നേഹവും വിശുദ്ധിയും മനഃസമാധാനത്തോടു കൂടിയുള്ള ജീവിതവും ലഭിയ്ക്കുവാനായി പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

വയോധികർക്ക് സമാധാന പൂർണ്ണമായ വാർദ്ധക്യവും, യുവതി യുവാക്കൾക്ക് പരിപാകതയും, ദൈവാശ്രയബോധവും, ജീവിത നൈർമ്മല്യവും ഭക്തിയും, ബാലികബാലന്മാർക്ക് അനുസരണവും, സ്വഭാവമഹിമയും, പിഞ്ചു പൈതങ്ങൾക്ക് നല്ല ജീവിത വളർച്ചയും ലഭിയ്ക്കുവാനായി പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

ഞങ്ങളുടെ ഭവനങ്ങളിൽ നിന്ന് ശണ്ഠകൾ നീങ്ങി അവ സമാധാന കേന്ദ്രങ്ങളാകുകയും, ഞങ്ങളും ഞങ്ങൾക്കുള്ളവരും, ഞങ്ങൾക്കുള്ളവയും എപ്പോഴും സുരക്ഷിതരായിരിയ്ക്കുകയും മനഃസമാധാനത്തോടെ ഓരോ ദിവസവും പരിപാലിക്കപ്പെടുകയും ചെയ്യുവാനായി പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

വിവാഹിതരാകുവാൻ സാധിക്കാതെ മനോദുഃഖമനുഭവിയ്ക്കുന്ന യുവതി യുവാക്കൾക്ക് വിവാഹത്തിനുള്ള കൃപയും ദൈവനടത്തിപ്പും ലഭിയ്ക്കുവാനും, സന്താന സൗഭാഗ്യമില്ലാതെ മാനസക്ലേശമനുഭവിക്കുന്ന ദമ്പതികൾക്ക് സന്താന ലബ്ധിയുാകുവാനും പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

ദുഃഖിച്ചും വിലപിച്ചും ഇരിക്കുന്നവർക്ക് ആശ്വാസവും, രോഗികൾക്ക് പൂർണ്ണ സൗഖ്യവും, ദുശ്ശീലങ്ങൾക്കും, ദുർമാർഗ്ഗ ജീവിതത്തിനും അടിമപ്പെട്ടിരിക്കുന്നവർക്ക് അവയിൽ നിന്നുള്ള വിടുതലും, വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധവും പഠനത്തിൽ ഉത്സാഹവും ഓർമ്മ ശക്തിയും, അച്ചടക്കവും ലഭിയ്ക്കുവാനും, മക്കൾ മാതാപിതാക്കളേയും, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അദ്ധ്യാപകരെയും അനുസരിക്കുന്നവരും എല്ലായ്പ്പോഴും സൽസ്വഭാവികളും ആയിരിക്കുന്നതിനും പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

പലവിധരോഗങ്ങളിൽപെട്ട് ശരീരവും, മനസ്സും വേദനയനുഭവിക്കുന്നവർക്ക് പൂർണ്ണ സൗഖ്യവും, പാപമോചനവും ആരോഗ്യവും ലഭിച്ച് ദൈവത്തെ സ്തുതിപ്പാനും, രോഗക്കിടക്കയിൽ നിന്ന് എഴുന്നേറ്റ് കൂടുതൽ പ്രതിഷ്ഠയോടും പുതിയ ആളത്വത്തോടുംകൂടി ദൈവസേവ ചെയ്യുവാനും അങ്ങനെ അവരേയും അവർക്കുള്ളവരേയും നമ്മുടെ കർത്താവ് സന്തോഷിപ്പിക്കുവാനും, ദീർഘകാലമായി നിലനിൽക്കുന്ന മാറാരോഗങ്ങളും ബലഹീനതയും ഉള്ളവർക്ക് അത്ഭുത രോഗശാന്തി ലഭിപ്പാനുമായിട്ട് പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

വിവിധങ്ങളായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സത്യസന്ധതയും ഉത്തരവാദിത്വബോധവും, ദൈവാശ്രയവും, നന്മ ചെയ്യുന്നതിനുള്ള താല്പര്യവും, ആവശ്യക്കാരോട് സഹതാപവും ഉായിരിക്കേണമേ, ജോലിയില്ലാതെ കണ്ണീരോട് കഴിയുന്നവർക്ക് ജോലിയും, സന്തോഷവും, സംതൃപ്തിയും, സ്വന്തനാട്ടിലും വിദേശ രാജ്യങ്ങളിലും ജോലിചെയ്യുന്നവർക്ക് സംരക്ഷണവും സുരക്ഷിതത്വവും ലഭിയ്ക്കുവാനായി പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

ദാരിദ്രമനുഭവിക്കുന്നവർക്കും, സഹായിപ്പാനാളില്ലാതുഴലുന്നവർക്കും നിർദ്ധനരായ വിധവകൾക്കും ദൈവസഹായവും സംതൃപ്തിയും, ധനവാന്മാർക്ക് താഴ്മയും സഹായമനഃസ്ഥിതിയും, ദൈവാശ്രയ ബോധവും ലഭിക്കുവാനായിട്ടും പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

അപകടങ്ങളിൽ നിന്നും, പ്രകൃതിക്ഷോഭങ്ങളിൽ നിന്നും, പെട്ടന്നുള്ള മരണത്തിൽനിന്നും, ശത്രുക്കളുടെ ഉപദ്രവത്തിൽ നിന്നും, മരണകരമായ പാപങ്ങളിൽ നിന്നും, എല്ലാ പ്രതികൂല പരിതഃസ്ഥിതികളിൽനിന്നും കർത്താവ് ഞങ്ങളെ കാത്തു സംരക്ഷിക്കുകയും ക്രിസ്തീയന്ത്യത്തിനും നിത്യ സ്വർഗ്ഗീയ സൗഭാഗ്യത്തിനും ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യുവാനായിട്ടും പ. മോർ ഗ്രീഗോറിയോസ് തിരുമേനി.....

ഞങ്ങളുടെ പരിശുദ്ധനായ മോർ ഗ്രീഗോറിയോസിനെ ശ ക്തിപ്പെടുത്തി ശ്രേഷ്ഠനാക്കിയ നമ്മുടെ കർത്താവിനും, തന്റെ പിതാവിനും പരിശുദ്ധാത്മാവിനും സദാ സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.

നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഏറ്റ് പറയണം.
കുറിയേ..... കുറിയേ..... കുറിയേ.....



*രക്ഷകനാം മശിഹാ അടിയാരിൽ,*
*കരുണകൾ ചൊരിയണമേ*
*നിൻ പരിശുദ്ധൻ പ്രാർത്ഥനയാലെ വാഴ്‌വുകളേകണമേ*
*പൈശാചിക കെണിയിൽ നിന്നെങ്ങൾ രക്ഷിതരാകണമേ*
*ദുഷ്ക്കർമ്മകളിൽ–നിന്നടിയാർ മോചിതരാകണമേ*
*നിൻ ദാസർ ഞങ്ങൾ–നാഥ തവകൃപയെ*
*നോക്കിപാർക്കുന്നു–നീയെന്യേതുണയില്ലാരും*
*ശാന്തിസമാധാനം മോചനവും, ഞങ്ങൾക്കേകണമേ*
*മൃതരായോർ ശാന്ത്യാമേവണമേ, തവ തിരുസന്നിധിയിൽ*

*കുറിയേ..... കുറിയേ..... കുറിയേ.....*
*നാഥാ! കൃപ ചെയ്തീടണമെ..... (3)*
*നാഥാ! കൃപചെയ്യുക കനിവാൽ..... (3)*
*നാഥാ! ഉത്തരമരുളണമെ..... (3)*
*ആബൂനെ! പ്രാർത്ഥിക്കണമേ..... (3)*

*ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ! നിനക്കു സ്തുതി – ബാറെക്മോർ*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.....*

*കൃപ നിറഞ്ഞ മറിയമേ!.....*

Rakshakanaam mashihaa adiyaaril,
Karunakal choriyaname
Nin parishudhdhan praarthanayaale vaazhvukalekaname
paishaachika keniyil ninnengal rakshitharaakaname
Dhushkarmmakalil-ninnadiyaar mochitharaakaname
nin daasar njangal - naathaa thavakrupaye
nokkipaarkkunnu - neeyenyethunayillaarum

Shaantisamadhaanam mochanavum, njangalkkekaname
Mrutharaayor shanthyaamevaname, thava thirusannidhiyil

Kurie.... Kurie.... Kurie....
Naathaa! krupa cheytheedaname.... (3)
Naathaa! krupacheyyuka kanivaal.... (3)
Naathaa! uththaramarulaname.... (3)
Aaboone! praarthicheedaname.... (3)

Njangalude karthaave! ninakku sthuthi, Njangalude karthaave! ninakku sthuthi, enneykkum njangalkulla sharanavume! ninakku sthuthi - Barekmor.

## അപേക്ഷ

മൺമയരും പാപികളുമായ മനുഷ്യരെ അതിരില്ലാതെ തന്റെ മഹാ കൃപയാൽ പരിശുദ്ധരും മഹത്വമുള്ളവരും ആക്കി രൂപാന്തരപ്പെടുത്തുന്ന മഹാകാരുണ്യവാനായ കർത്താവിന് സ്തുതി. ഞങ്ങളുടെ പിതാവും നിന്റെ പ്രിയ ദാസനുമായ മാർ ഗ്രീഗോറിയോസിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഈ സമയം ഞങ്ങൾ അഭയം പ്രാപിക്കുന്നു. ഞങ്ങളുടെ ആവശ്യങ്ങളും അപേക്ഷകളും കരുണാസാഗരമായ കർത്താവിന്റെ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവേ! ഞങ്ങളോട് കരുണ ചെയ്യേണമേ. ഞങ്ങൾ ബലഹീനരും ആവശ്യക്കാരും നിന്റെ കരുണയിൽ മാത്രം ആശ്രയിക്കുന്നവരും ആകുന്നു. നിന്നെ മാത്രം ഞങ്ങൾ വന്ദിച്ച് സ്തുതിച്ച് ആരാധിക്കുന്നു. ഇപ്പോൾ കർത്താവേ! ഞങ്ങളുടെ പിതാവായ പരിശുദ്ധ മോർ ഗ്രീഗോറിയോസിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊ് ഞങ്ങൾ സമർപ്പിക്കുന്ന ഈ അപേക്ഷകളെ നീ ദയവോട് കൈക്കൊള്ളേണമേ! ആവശ്യക്കാരുടെ ആശ്രയവും അശരണരുടെ ശരണവുമായ ദൈവമേ, ഞങ്ങൾക്കുവേി നിന്നോട് അപേക്ഷിക്കുന്ന മോർ ഗ്രീഗോറിയോസിന്റെ സുകൃത ജീവിതത്തെ ഓർത്ത് ഞങ്ങളോട് കരുണ ചെയ്യേണമേ

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും പരിശുദ്ധനുമായ മോർ ഗ്രീഗോറിയോസെ! നിനക്ക് ഭാഗ്യം. നിന്റെ വിശ്വാസത്തിലും സ്നേഹത്തിലും ആരാധനയിലും വ്രതനിഷ്ഠയിലും കർത്താവ് പ്രസാദിച്ച് നിന്നെ ഉന്നതനും മഹത്വമുള്ളവനും ആക്കിത്തീർത്തിരിക്കുന്നു. ഇപ്പോൾ ഞങ്ങളുടെ പിതാവേ ഞങ്ങൾക്കു വേി പ്രത്യേകം അപേക്ഷിക്കേണമേ! ഞങ്ങളുടെ കറകളും കുറ്റങ്ങളും കഴുകി മായിക്കപ്പെടുവാനും, ഞങ്ങളുടെ ആത്മാക്കളും ദേഹികളും വെടിപ്പാക്കി ശുദ്ധീകരിക്കപ്പെടുവാനും, ഞങ്ങളുടെ കെട്ടുകളും ബന്ധനങ്ങളും അഴിക്കപ്പെട്ട് ഞങ്ങൾ സ്വതന്ത്രരായി തീരുവാനും ഞങ്ങൾക്കുവേി കർത്താവിനോടപേക്ഷിക്കണമേ! നിന്റെ പ്രാർത്ഥനയാൽ ഞങ്ങളുടെ കുറവുകൾ നികത്തപ്പെടുമാറാകേണമേ! ഞങ്ങളുടെ വയോജനങ്ങൾക്ക് താങ്ങലും ശക്തിയും, ഞങ്ങളുടെ യുവജനങ്ങൾക്ക് ആത്മനിയന്ത്രണവും വഴിനടത്തിപ്പും, ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് മാലാഖമാരുടെ കാവലും നല്ല സംരക്ഷണയും, ദരിദ്രർക്ക് സഹായവും, അവരെ സഹായിക്കുന്നവർക്ക് അഭിവൃദ്ധിയും ലഭിക്കുമാറാകേണമേ! വിധവമാർക്കും അനാഥകുഞ്ഞുങ്ങൾക്കും ആവശ്യമുള്ളവയെല്ലാം നൽകി ദൈവത്തിന്റെ കരുണകളെ അവർ ധാരാളമായി അനുഭവിച്ച് കർത്താവിനെ അവർ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകേണമേ! സകലവിധ തിന്മകളിൽനിന്നും ദുഷ്ടമനുഷ്യരുടെ ഉപദ്രവങ്ങളിൽനിന്നും കർത്താവിന്റെ ജയമുള്ള സ്ലീബാ ഞങ്ങൾക്ക് കോട്ടയായിരിക്കുമാറാകേണമേ! പരിശുദ്ധ പിതാവേ! അങ്ങയുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ എല്ലാവിധമായ ദുഃഖങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷിക്കപ്പെടുമാറാകേണമേ!



തന്നോടപേക്ഷിക്കുന്ന രോഗികളെ സൗജന്യമായി സൗഖ്യ മാക്കുന്ന മഹാവൈദ്യനായുള്ളോവേ! ഞങ്ങളുടെ പിതാവായ മോർ ഗ്രീഗോറിയോസിന്റെ മദ്ധ്യസ്ഥതമൂലം രോഗികളായിട്ടുള്ളവരെ നീ കടാക്ഷിക്കേണമേ! കർത്താവേ നീ കുരുടരേയും ചെകിടരേയും ഊമരേയും കുഷ്ഠരോഗികളേയും സൗഖ്യമാക്കിയല്ലോ! നാലാളുകളാൽ ചുമക്കപ്പെട്ട് നിന്റെയടുക്കൽ കൊുവരപ്പെട്ട തളർവാതരോഗിയെ ചുമന്നവരുടെ വിശ്വാസം കിട്ട് അവനെ കിടക്കയോടു കൂടി നടക്കുമാറാക്കിയ പ്രകാരം ഞങ്ങളുടെ വിശ്വാസക്കുറവിൽ തുണചെയ്ത്, ഞങ്ങളുടെ പിതാവിന്റെ മദ്ധ്യസ്ഥതയെ കൈക്കൊ് ഞങ്ങൾ ഓർത്ത് പ്രാർത്ഥിക്കുന്ന എല്ലാ രോഗികളേയും പരിപൂർണ്ണമായി സൗഖ്യപ്പെടുത്തേണമേ! ആരോഗ്യവും ദീർഘായുസും നീ അവർക്ക് നൽകേണമേ! പരിശുദ്ധ പിതാവേ! നിന്റെ പരിശുദ്ധതയ്ക്ക് ഈ അപേക്ഷ സമർപ്പിക്കുന്ന നിന്റെ മക്കൾ ദൈവകരുണയാകുന്ന കോട്ടയാൽ ചുറ്റപ്പെടേണമേ! ജീവിതപോരാട്ടത്തിൽ വിജയികളായിത്തീർന്ന് ശാശ്വത സമാധാനം കെത്തുവാൻ ഞങ്ങൾക്കുവേി അപേക്ഷിക്കേണമേ! ഞങ്ങളുടെ പരിശുദ്ധനായ മോർ ഗ്രീഗോറിയോസിനെ ശക്തിപ്പെടുത്തി ശ്രേഷ്ഠനാക്കിയ നമ്മുടെ കർത്താവിനും, തന്റെ പിതാവിനും പരിശുദ്ധാത്മാവിനും സദാ സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.